DESPATCHED
On. 22/06/2020

403/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker!.nic.in

ഹർജി നമ്പർ **AP 980(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2624/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഹുസൈൻ കോയ. വി.,
മേലേക്കൊല്ലീരി വീട്,
ചെനക്കൽ,
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
മലപ്പുറം – 673 635.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്,
   മലപ്പുറം – 673 634.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടറുടെ കാര്യാലയം,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.11.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.12.2015, 6.2.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.1.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 16.2.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.2.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 8.3.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.3.2016, 24.2.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.4.2016, 2.3.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 3.3.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം : | അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഹുസൈൻ കോയ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ

അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചു എന്നും ആയതു പ്രകാരം നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ബോധപൂർവ്വം ഹാജരാകാതെ ഹെഡ് ക്ലാർക്കിനെ പറഞ്ഞയക്കുകയാണ് ഉണ്ടായത് എന്നും രണ്ടാം എതിർകക്ഷിയുടെ അപ്പീൽ ഉത്തരവ് പാലിക്കാതെ ആദ്യം അയച്ചുതന്ന മറുപടിയുടെ പകർപ്പ് വീണ്ടും അയച്ചു നൽകുകയാണ് ഒന്നാം എതിർകക്ഷി ചെയ്തത് എന്നും മേൽപ്പടി മറുപടിയിൽ ഒന്നാം എതിർകക്ഷിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെന്നും അപ്രകാരം തന്നെ ഒന്നാം അപ്പീൽ അധികാരിയുടെ ഔദ്യോഗിക മേൽവിലാസവും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ് :

i. പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ 2010 മുതൽ 2015 വരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്നും സാമ്പത്തിക വർഷം തിരിച്ച് പ്രത്യേകം നൽകണമെന്നും

i എ. മേൽ പദ്ധതിയ്ക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ പ്രത്യേകം നൽകണമെന്നും

ii. മേൽപ്പടി കാലയളവിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഴി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്നും

ii എ. മേൽ പദ്ധതിക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും

iii. മേൽപ്പടി കാലയളവിൽ ഗ്രാമ പഞ്ചായത്ത് മുഖേന വിതരണം ചെയ്ത ആനുകൂല്യങ്ങൾ, പെൻഷൻ ഏതെല്ലാം എന്നും സാമ്പത്തിക വർഷം തിരിച്ച് പ്രത്യേകം നൽകണമെന്നും മറ്റുമായി 9 പ്രധാന ഇനങ്ങളിലും ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സുദീർഘവും ക്രോഡീകരിച്ച് നൽകേണ്ടതുമായതിനാൽ ഓഫീസ് സമയം രേഖകൾ പരിശോധിക്കാവുന്നതാണെന്നാണ്. 6.2.2016 തീയതി ഒന്നാം എതിർകക്ഷി

ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ലഭ്യമായിട്ടില്ലെന്നു ഒന്നാം അപ്പീൽ അപേക്ഷയിൽ നിന്നും മനസ്സിലാകുന്നു എന്നും ആയതിനാൽ ഹർജിക്കാരന് അയച്ചു നൽകിയിരുന്ന മറുപടിയുടെ പകർപ്പ് വീണ്ടും അയച്ചു നൽകുന്നു എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ അയച്ച മറുപടി ടിയാന് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതായിരുന്നു എന്നും അപ്രകാരം തന്നെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് അപേക്ഷയിലെ ക്രമ നമ്പർ പ്രകാരം മറുപടി നൽകേണ്ടിയിരുന്നു എന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയുന്നവ സൗജന്യമായി നൽകണമെന്നും മറ്റു കാര്യാലയങ്ങളിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ സംബന്ധിച്ച് ഹർജിക്കാരന്റെ അപേക്ഷ അത്തരം കാര്യാലയങ്ങളിലേക്ക് കൈമാറി അക്കാര്യം ഹർജിക്കാരനെ അറിയിക്കണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ ഉത്തരവിനെ തുടർന്ന് ഹർജിക്കാരന് ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും വിശദമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും ആയത് ഹർജിക്കാരന് ലഭ്യമായിട്ടില്ലെന്നു രണ്ടാം എതിർകകഷിയുടെ അപ്പീൽ നോട്ടീസ് ലഭിച്ച അവസരത്തിൽ ബോധ്യമായി എന്നും ആയതിനാൽ 26.12.216 തീയതി നൽകിയ മറുപടിയുടെ പകർപ്പ് ഹർജിക്കാരന് വീണ്ടും 8.2.2016 തീയതി രജിസ്റ്റേർഡ് തപാലായി അയച്ചു നൽകി എന്നും ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ നടത്തിയ ഹിയറിംഗ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകാൻ കഴിയുന്ന വിവരങ്ങൾ നൽകുകയുണ്ടായി എന്നും മറ്റു വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ ഹാജരായി ശേഖരിക്കാവുന്നതാണെന്നു ടിയാനെ അറിയിച്ചിരുന്നു എന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ഒന്നാം അപ്പീൽ ഉത്തരവിനുശേഷം കുറച്ച് വിവരങ്ങൾ മാത്രം നൽകി എന്നും മറ്റുമാണ്.

5. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ഹർജിക്കാരന് നൽകിയിരുന്നു എന്നും മറ്റു വിവരങ്ങൾ ഓഫീസിൽ നേരിൽ ഹാജരായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശേഖരിക്കാനാണ് ഹർജിക്കാരനോട് നിർദ്ദേശിച്ചത് എന്നും മറ്റുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ടിയാന് നൽകിയിട്ടുള്ളതായും മറ്റിനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓഫീസിൽ നേരിൽ ഹാജരായി ഫയലുകൾ പരിശോധിച്ച് ശേഖരിക്കാനാണ് ടിയാനോട് നിർദ്ദേശിച്ചത് എന്നും കാണുന്നു. ആയത് ക്രമ പ്രകാരം ആണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് നീണ്ട കാലയളവിലെ വിവരങ്ങൾ ആയിരുന്നു എന്നും ആയത് ക്രോഡീകരിച്ച് നൽകുക എന്നത് എതിർകക്ഷി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമായിരുന്നു എന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ വിവരാവകാശ നിയമപ്രകാരം അപാകത ഒന്നും കാണാത്തതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk